പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1115 14.06.2012 – ൽ മറുപടിക്ക്

**ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| എ) | മാവേലി സ്റ്റോറുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതുമൂലം സാധാരണ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിപണന കേന്ദ്രങ്ങളിൽ ചില സാധനങ്ങൾക്ക് താത്കാലികമായി ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി നിരക്കിലുള്ള ചെറുപയർ, കടല എന്നിവ കേന്ദ്ര സബ്സിഡിയോടെ ലഭിക്കാതിരുന്നതിനാലാണിത്. എന്നാൽ ഉപഭോക്താക്കൾക്ക് ഇവ ലഭ്യമാക്കാനായി പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കി വരുന്നുണ്ട്. |
| ബി) | രൂക്ഷമായ വിലക്കയറ്റം പിടിച്ചുനിർത്താൻ സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുമോ? | ബി) | വിപണിയിലുണ്ടാകുന്ന വിലവ്യത്യാസം നിയന്ത്രിക്കുന്നതിനായി അരി, പയറുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പഞ്ചസാര എന്നീയിനങ്ങൾ സബ്സിഡി നിരക്കിൽ നിലവിൽ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ